പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1952 26-10-2026-ൽ മറുപടിയ്ക്ക്

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മരുന്ന വാങ്ങൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എ. ഡി. തോമസ്	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഏകദേശം നാല് കോടി രൂപയുടെ മരുന്നുകൾ അനാവശ്യമായി വാങ്ങിക്കൂട്ടിയതിനെ തുടർന്ന് അവ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായ സാഹചര്യത്തിൽ അവ നിർമാർജനം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: സംസ്ഥാന ആരോഗ്യവകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ചു വിവിധ ജില്ലാ മരുന്ന സംഭരണശാലകളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നത്.

ആശുപത്രികളിൽ നിന്നും ഓൺലൈൻ ആയി സമർപ്പിക്കുന്ന വാർഷിക അളവുകൾ കൂടുതലാണെങ്കിൽ, പ്രസ്തുത ആശുപത്രികൾ അവ ശ്രദ്ധയിൽ പെടുത്തുന്ന മുറക്ക് തുടർന്നുള്ള വിതരണോത്തരവുകളിൽ അവ കുറവ് ചെയ്യാറുണ്ട്. മാത്രമല്ല കെ എം എസ് സി എൽ ഒരിനത്തിന് ഓരോ തവണ വിതരണോത്തരവുകൾ നൽകുമ്പോഴും, സംസ്ഥാനതലത്തിൽ ആ ഇനത്തിന്റെ സംഭരണശാലയിലെ സ്റ്റോക്ക്, ആശുപത്രികളിലെ സ്റ്റോക്ക്, ഇനിയും ലഭിക്കുവാനുള്ള സ്റ്റോക്ക് എന്നിവ പരിഗണിച്ചു മാത്രമേ നല്കാറുള്ളൂ. ഇത്തരത്തിൽ വളരെ അധികം വ്യത്യാസമുള്ള ഇനങ്ങൾക്ക് അവസാന ഘട്ട വിതരണോത്തരവുകൾ നൽകാറില്ല.

ഉപയോഗം കുറഞ്ഞതായി , ഉപയോഗം തീരെ ഇല്ല എന്ന് ആശുപത്രികളിൽ നിന്നും അറിയിക്കുന്ന മരുന്നുകൾ, അവ കൂടുതലായി ഉപയോഗിക്കുന്ന മറ്റ് ആശുപത്രികളിലേക്ക് മാറ്റാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും സംഭരണശാലകൾ അവ മുൻകൈ എടുക്കുകയും ചെയ്യുന്നുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാലഹരണപ്പെട്ട മരുന്നുകളുടെ നിർമ്മാർജന പ്രക്രിയ നടന്നിട്ടില്ല. KMSCL വിതരണം ചെയ്തതും 01.06.2019-ന് മുമ്പ് കാലാവധി കഴിഞ്ഞതും 6,74,08,926.39 രൂപ മൂല്യമുള്ളതുമായ മരുന്നുകളിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയവ/കരിമ്പട്ടികയിൽ ഉൾപ്പെട്ടവ/ പരാതികൾ ലഭിച്ചതിനെ തുടർന്ന് ഉപയോഗം മരവിപ്പിച്ചവ (NSQ/Blacklisted/Freezed –

Expired Drugs and Consumables) എന്നിവ മാത്രമാണ് ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ആവശ്യകത കൃത്യമായി വിലയിരുത്താതെയാണ് പ്രസ്തുത മരുന്നുകൾ വാങ്ങിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാന ആരോഗ്യവകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ചു വിവിധ ജില്ലാ മരുന്നു സംഭരണശാലകളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നത്.

ആശുപത്രികളിൽ നിന്നും ഓൺലൈൻ ആയി സമർപ്പിക്കുന്ന വാർഷിക അളവുകൾ കൂടുതലാണെങ്കിൽ, പ്രസ്തുത ആശുപത്രികൾ അവ ശ്രദ്ധയിൽ പെടുത്തുന്ന മുറക്ക് തുടർന്നുള്ള വിതരണോത്തരവുകളിൽ അവ കുറവ് ചെയ്യാറുണ്ട്. മാത്രമല്ല കെ എം എസ് സി എൽ ഒരിനത്തിന് ഓരോ തവണ വിതരണോത്തരവുകൾ നൽകുമ്പോഴും, സംസ്ഥാനതലത്തിൽ ആ ഇനത്തിന്റെ സംഭരണശാലയിലെ സ്റ്റോക്ക്, ആശുപത്രികളിലെ സ്റ്റോക്ക്, ഇനിയും ലഭിക്കുവാനുള്ള സ്റ്റോക്ക് എന്നിവ പരിഗണിച്ചു മാത്രമേ നല്കാറുള്ളൂ. ഇത്തരത്തിൽ വളരെ അധികം വ്യത്യാസമുള്ള ഇനങ്ങൾക്ക് അവസാന ഘട്ട വിതരണോത്തരവുകൾ നൽകാറില്ല.

ഉപയോഗം കുറഞ്ഞതായി , ഉപയോഗം തീരെ ഇല്ല എന്ന് ആശുപത്രികളിൽ നിന്നും അറിയിക്കുന്ന മരുന്നുകൾ, അവ കൂടുതലായി ഉപയോഗിക്കുന്ന മറ്റ് ആശുപത്രികളിലേക്ക് മാറ്റാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും സംഭരണശാലകൾ അവ മുൻകൈ എടുക്കുകയും ചെയ്യുന്നുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാലഹരണപ്പെട്ട മരുന്നുകളുടെ നിർമ്മാർജന പ്രക്രിയ നടന്നിട്ടില്ല. KMSCL വിതരണം ചെയ്തതും 01.06.2019-ന് മുമ്പ് കാലാവധി കഴിഞ്ഞതും 6,74,08,926.39 രൂപ മൂല്യമുള്ളതുമായ മരുന്നുകളിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയവ/കരിമ്പട്ടികയിൽ ഉൾപ്പെട്ടവ/ പരാതികൾ ലഭിച്ചതിനെ തുടർന്ന് ഉപയോഗം മരവിപ്പിച്ചവ (NSQ/Blacklisted/Freezed – Expired Drugs and Consumables) എന്നിവ മാത്രമാണ് ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായതിലൂടെ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: സംസ്ഥാന ആരോഗ്യവകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ചു വിവിധ ജില്ലാ മരുന്നു സംഭരണശാലകളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നത്.

ആശുപത്രികളിൽ നിന്നും ഓൺലൈൻ ആയി സമർപ്പിക്കുന്ന വാർഷിക അളവുകൾ കൂടുതലാണെങ്കിൽ, പ്രസ്തുത ആശുപത്രികൾ അവ ശ്രദ്ധയിൽ പെടുത്തുന്ന മുറക്ക് തുടർന്നുള്ള

വിതരണോത്തരവുകളിൽ അവ കുറവ് ചെയ്യാറുണ്ട്. മാത്രമല്ല കെ എം എസ് സി എൽ ഒരിനത്തിന് ഓരോ തവണ വിതരണോത്തരവുകൾ നൽകുമ്പോഴും, സംസ്ഥാനതലത്തിൽ ആ ഇനത്തിന്റെ സംഭരണശാലയിലെ സ്റ്റോക്ക്, ആശുപത്രികളിലെ സ്റ്റോക്ക്, ഇനിയും ലഭിക്കുവാനുള്ള സ്റ്റോക്ക് എന്നിവ പരിഗണിച്ചു മാത്രമേ നല്കാറുള്ളൂ. ഇത്തരത്തിൽ വളരെ അധികം വ്യത്യാസമുള്ള ഇനങ്ങൾക്ക് അവസാന ഘട്ട വിതരണോത്തരവുകൾ നൽകാറില്ല.

ഉപയോഗം കുറഞ്ഞതായി , ഉപയോഗം തീരെ ഇല്ല എന്ന് ആശുപത്രികളിൽ നിന്നും അറിയിക്കുന്ന മരുന്നുകൾ, അവ കൂടുതലായി ഉപയോഗിക്കുന്ന മറ്റ് ആശുപത്രികളിലേക്ക് മാറ്റാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും സംഭരണശാലകൾ അവ മുൻകൈ എടുക്കുകയും ചെയ്യുന്നുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാലഹരണപ്പെട്ട മരുന്നുകളുടെ നിർമ്മാർജന പ്രക്രിയ നടന്നിട്ടില്ല. KMSCL വിതരണം ചെയ്തതും 01.06.2019-ന് മുമ്പ് കാലാവധി കഴിഞ്ഞതും 6,74,08,926.39 രൂപ മൂല്യമുള്ളതുമായ മരുന്നുകളിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയവ/കരിമ്പട്ടികയിൽ ഉൾപ്പെട്ടവ/ പരാതികൾ ലഭിച്ചതിനെ തുടർന്ന് ഉപയോഗം മരവിപ്പിച്ചവ (NSQ/Blacklisted/Freezed – Expired Drugs and Consumables) എന്നിവ മാത്രമാണ് ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ